# 68. ദേശീയ വിദ്യാഭ്യാസ നയവും വയോജന വിദ്യാഭ്യാസവും

ഇന്ത്യയിൽ ഇനിയങ്ങോട്ട കേന്ദ്രത്തിലും സംസ്ഥാനതലത്തിലും സർക്കാരുകളുടെയും സ്വയംസേവക സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടക്കേണ്ട വിദ്യാഭ്യാസം സംബന്ധിച്ച ആധികാരികരേഖയാണ് പാർലമെൻറ് അംഗീകരിച്ച 1986–ലെ ദേശീയ വിദ്യാഭ്യാസനയം. ഈ നയത്തിൽ സാക്ഷരതാപ്രസ്ഥാനം, പ്രവൃത്ത്യന്മുഖ സാക്ഷരതാപ്രസ്ഥാനം, തുടർവിദ്യാഭ്യാസം, ആജീവനാന്ത വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം മുതലായ പല പേരുകളിൽ നാം പറഞ്ഞുവന്ന വയോജന വിദ്യാഭ്യാസത്തിന വളരെ ഉയർന്ന സ്ഥാനമാണ നൽകപ്പെട്ടിട്ടുള്ളത്. വയോജനവിദ്യാഭ്യാസത്തിൻെറ ലക്ഷ്യവും രൂപവും ഈ നയത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. വയോജനവിദ്യാഭ്യാസം ജനങ്ങൾക്ക നൽകുന്നതിൻെറ ഉത്തരവാദിത്തം കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്കാണെന്ന് അസന്ദിഗ്ദ്ധമായി അംഗീകരിച്ചിരിക്കുന്നു. വയോജനവിദ്യാഭ്യാസത്തിന് ആവശ്യമായ പണം സർക്കാർ എങ്ങനെയും കണ്ടെത്തണമെന്ന് അനുശാസിച്ചിരിക്കുന്നു. വയോജനവിദ്യാഭ്യാസം ജനങ്ങൾക്ക നൽകുന്നതിൽ സ്വയംസേവക സംഘടനകളുടെ സ്ഥാനം എന്തെന്ന നിർധാരണംചെയ്തിരിക്കുന്നു. ചുരുക്കത്തിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത വിധത്തിൽ വയോജനവിദ്യാഭ്യാസത്തിൻെറ ബാദ്ധ്യത സർക്കാരിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു.

എങ്കിലും, സ്വാഭാവികമായി കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥമേധാവിത്വം ഈ വസ്തുതകൾ സൗകര്യപൂർവം വിസ്മരിക്കുകയും, പ്രൈമറി–സെക്കണ്ടറി–യൂണിവേഴ്സിററി തലത്തിലുള്ള സ്ഥാപനാകാരങ്ങളായ വിദ്യാലയങ്ങളിൽ മാത്രം ശ്രദ്ധചെലുത്തി വയോജനവിദ്യാഭ്യാസത്തെ പാടെ അവഗണിക്കുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. ഈ വിപത്ത് ഒഴിവാക്കുന്നതിനായി ദേശീയ വിദ്യാഭ്യാസനയത്തിൽ സാക്ഷരതാപ്രസ്ഥാനത്തിനുള്ള ഉയർന്ന സ്ഥാനം നാം പൂർണമായി മനസ്സിലാക്കുകയും ജനങ്ങൾക്ക് അതു വിശദമായി മനസ്സിലാക്കി കൊടുക്കുകയും സാക്ഷരതാപ്രസ്ഥാനം സംബന്ധിച്ച ദേശീയ വിദ്യാഭ്യാസനയത്തിലുള്ള നിർദേശങ്ങൾ ആത്മാർത്ഥതയോടെ നടപ്പാക്കാൻ കേന്ദ്ര–സംസ്ഥാന സർക്കാരുകളെ നിരന്തരമായി നിർബന്ധിച്ചുകൊണ്ടിരിക്കുകയും വേണം. വയോജനവിദ്യാഭ്യാസം നടപ്പിൽവരുത്തുന്നതിന ഫലപ്രദമായ ഒരു സമ്മർദഗ്രൂപ്പായി നാം പ്രവർത്തിക്കണം.

ആജീവനാന്ത വിദ്യാഭ്യാസത്തിൻെറ ഉത്തരവാദിത്തം സർക്കാരിനാണെന്ന ദേശീയ വിദ്യാഭ്യാസനയത്തിലെ മൂന്നാമദ്ധ്യായത്തിൽ അസന്ദിഗ്ദ്ധമായി ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നു:

'വിദ്യാഭ്യാസത്തെ നവീകരിക്കുന്നതിനും അസമത്വങ്ങൾ പരിഹരിക്കുന്നതിനും പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനും വയോജനങ്ങളെ സാക്ഷരരാക്കുന്നതിനും ശാസ്ത്രീയ–സാങ്കേതിക ഗവേഷണങ്ങൾ മുതലായവയ്ക്കുമുള്ള വിഭവസഹായം നൽകുന്നതിൻെറ ഉത്തരവാദിത്തം രാഷ്ട്രം ഏറ്റെടുക്കുന്നതാണ് (3–10).

'വിദ്യാഭ്യാസപ്രക്രിയയുടെ സ്പൃഹണീയമായ ലക്ഷ്യമാണ് ആജീവനാന്ത വിദ്യാഭ്യാസം. ഇതുണ്ടാവണമെങ്കിൽ എല്ലാവർക്കും സാക്ഷ

രത കൈവരണം. യുവജനങ്ങൾക്കും കുടുംബിനിമാർക്കും കാർഷിക–വ്യാവസായികതൊഴിലാളികൾക്കും തൊഴിൽകാർക്കും തങ്ങൾ തിരഞ്ഞെടുക്കുന്ന വിദ്യാഭ്യാസം തങ്ങൾക്കിഷ്ടമുള്ള ഗതിവേഗത്തോടെ തുടന്നു പോകാൻ അവസരങ്ങൾ നൽകുന്നതായിരിക്കും. ഭാവിയിൽ മുന്നോട്ടുള്ള തള്ളൽ, പ്രവേശനം സംബന്ധിച്ച വ്യവസ്ഥയൊന്നുമില്ലാത്തതും (ഓപ്പൻ) കത്തിടപാടിലൂടെയും മററും നൽകുന്നതുമായ (ഡിസ്റ്റൻസ്) പഠിപ്പിൽ ആയിരിക്കും' (3.11).

ഇതിനർത്ഥം, മേലിൽ വയോജനവിദ്യാഭ്യാസത്തിൽ കൂടുതൽ ഊന്നൽ നൽകുമെന്നും വയോജനവിദ്യാഭ്യാസത്തിനുവേണ്ട വിഭവങ്ങൾ സർക്കാർ ഉണ്ടാക്കുമെന്നുമാണ്.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വയോജനവിദ്യാഭ്യാസത്തിന്റെ വർദ്ധിച്ചു വരുന്ന ഉത്തരവാദിത്തം സർക്കാർ എറേറടുക്കണമെന്ന് ദേശീയനയരേഖ ഇങ്ങനെ നിർദേശിക്കുന്നു:

'അംഗൻവാടികൾ, അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ, വയോജനവിദ്യാഭ്യാസകേന്ദ്രങ്ങൾ എന്നിവ കൂടുതൽ പട്ടികഗോത്രക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ മുൻഗണന അടിസ്ഥാനത്തിൽ തുറന്നു പ്രവർത്തിക്കുന്നതാണ്' (4–6 IV).

വയോജനവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ജനങ്ങളെ അജ്ഞതയിൽ നിന്നും മർദനത്തിൽനിന്നും മോചിപ്പിക്കലാണെന്നു പറഞ്ഞശേഷം, ദേശീയ വിദ്യാഭ്യാസരേഖ വയോജനവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെ ഇങ്ങനെ നിർവചിക്കുന്നു:

'ആധുനിക ലോകത്തിൽ വായിക്കാനും എഴുതാനുമുള്ള കഴിവ് വിദ്യാഭ്യാസത്തിൽ സ്വാഭാവികമായും ഉൾപ്പെടുന്നു. അതിനാൽ വയോജന സാക്ഷരത അടക്കമുള്ള വയോജനവിദ്യാഭ്യാസം നിർണായകമായ പ്രാധാന്യമുള്ളതാണ്' (4 9).

'സമൂഹത്തിന് ആവശ്യമുള്ള മനുഷ്യവിഭവങ്ങൾ നിർമിക്കുന്നതിനായി വൈദഗ്ധ്യങ്ങൾ നിരന്തരം ഉയർത്തുക എന്നതാണ് ഇന്നത്തെ നിർണായക വികസനപ്രശ്നം. വികസനപ്രവർത്തനങ്ങളിൽ ഗുണഭോക്താക്കൾ പങ്കെടുക്കണമെന്നതു പരമപ്രധാനമാകയാൽ ദാരിദ്ര്യമോചനം, ദേശീയ ഉദ്ഗ്രഥനം, പരിസര സംരക്ഷണം, ജനങ്ങളുടെ സാംസ്കാരിക സർഗശക്തി ഊർജിതപ്പെടുത്തൽ, കുടുംബസംവിധാനം, സ്ത്രീസമത്വം നടപ്പിലാക്കൽ തുടങ്ങിയ ദേശീയ ലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തി വയോജനവിദ്യാഭ്യാസത്തിനുള്ള ക്രമബദ്ധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയും ഇപ്പോൾ നിലവിലുള്ള പരിപാടികൾ പരിശോധിച്ചു ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്' (4 10).

'നിരക്ഷരത്വം പരിഹരിക്കുന്നതിനു പ്രത്യേകിച്ചു പതിമൂന്നു വയസ്സിനും മുപ്പത്തഞ്ചു വയസ്സിനും ഇടയിലുള്ളവരുടെ നിരക്ഷരത്വം നിർമാർജനം ചെയ്യുന്നതിനു രാഷ്ട്രം മുഴുവൻ പ്രതിജ്ഞയെടുക്കണം. കേന്ദ്ര ഗവണ്മെൻറും സംസ്ഥാന ഗവണ്മെൻറുകളും രാഷ്ട്രീയപ്പാർട്ടികളും അവയുടെ ബഹുജന സംഘടനകളും ബഹുജന മാധ്യമങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പലതരം ബഹുജന സാക്ഷരതാപ്രസ്ഥാനങ്ങൾക്ക തങ്ങളെത്തന്നെ സമർപ്പിക്കണം. അധ്യാപകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, സ്വയംസേവക സംഘടനകൾ, സർക്കാർ ജോലിക്കാർ മുതലായവർ വലിയ തോതിൽ ഈ പരിപാടിയിൽ പങ്കെടുക്കണം. വയോജന സാക്ഷരതയുടെ അധ്യാപനസംബന്ധിയായ വശം മെച്ചപ്പെടുത്താൻ പല ഗവേഷണസ്ഥാപനങ്ങളെയും പ്രവർത്തനസജ്ജങ്ങളാക്കുന്നതിന് ഒത്തുചേർന്നു പ്രയത്നങ്ങൾ നടത്തും. സാക്ഷരതയ്ക്കു പുറമേ, പ്രവൃത്ത്യുന്മുഖ

വിജ്ഞാനവും വൈദഗ്ധ്യങ്ങളും പഠിതാക്കറംക്കിടയിൽ സാമൂഹ്യ–സാമ്പത്തിക യാഥാർത്ഥ്യങ്ങളേയും അവയെ ഗുണകരമായി മാററുന്നതിനുള്ള സാദ്ധ്യതയേയും സംബന്ധിച്ച ബോധവും വളർത്തുകകൂടി ബഹുജന സാക്ഷരതാപരിപാടിയിൽ ഉറംപ്പെടും (4.11).

'പല മാർഗങ്ങളിലൂടെയും സ്ഥാപനങ്ങളിലൂടെയും വമ്പിച്ച ഒരു വയോജന–തുടർവിദ്യാഭ്യാസ പരിപാടി നടപ്പിൽ വരുത്തും. ഇതിൽ താഴെ പറയുന്ന കാര്യങ്ങറംകൂടി ഉറംപ്പെടും.

(എ) ഗ്രാമപ്രദേശങ്ങളിൽ തുടർ വിദ്യാഭ്യാസത്തിനു കേന്ദ്രങ്ങറം സ്ഥാപിക്കുക.

(ബി) മുതലാളിമാർ, സർക്കാർ വകുപ്പുകറം മുതലായവരുടെ നേതൃത്വത്തിൽ തൊഴിലാളി വിദ്യാഭ്യാസം.

(സി) സെക്കൻഡറി വിദ്യാഭ്യാസത്തിനു ശേഷമുള്ള വിദ്യാഭ്യാസം.

(ഡി) പുസ്തകങ്ങറം, ലൈബ്രറികറം, വായനശാലകറം മുതലായവ പ്രോത്സാഹിപ്പിക്കൽ.

(ഇ) റേഡിയോ, ടെലിവിഷൻ, ഫിലിമുകറം എന്നിവ ബഹുജന വിദ്യാഭ്യാസമാദ്ധ്യമങ്ങളായി ഉപയോഗിക്കൽ.

(എഫ്) പഠിതാക്കളുടെ സംഘടനകളും ഗ്രൂപ്പുകളും രൂപവൽക്കരിക്കൽ.

(ജി) ദൂര അധ്യാപന പരിപാടികറം.

(എച്ച്) സ്വയം പഠനത്തിനു സഹായം സംഘടിപ്പിക്കൽ.

(ഐ) ആവശ്യത്തിനും താല്പര്യത്തിനും അനുസരിച്ചുള്ള തൊഴിൽ പരിശീലന പരിപാടികറം (4.12).

സ്കൂളുകളിൽനിന്നു പൊഴിഞ്ഞുപോയ കുട്ടികറം, സ്കൂളുകറം ഇല്ലാത്ത പ്രദേശങ്ങളിലെ കുട്ടികറം, ജോലിചെയ്യുന്ന കുട്ടികറം, മുഴുസമയ–സ്കൂളുകളിൽ പഠിക്കാൻ പററാത്ത പെൺകുട്ടികറം എന്നിവർക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകാൻ ബൃഹത്തും ക്രമബദ്ധവുമായ ഒരു പരിപാടി ആരംഭിക്കുമെന്നു പറഞ്ഞശേഷം (5.8) ദേശീയ വിദ്യാഭ്യാസ നയരേഖ ഇങ്ങനെ തുടരുന്നു:

'അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളിലെ പഠനപരിസ്ഥിതി മെച്ചപ്പെടുത്താൻ ആധുനിക–സാങ്കേതിക ഉപകരണങ്ങറം പൂർണമായി ഉപയോഗപ്പെടുത്തും. അദ്ധ്യാപകരായി പ്രവർത്തിക്കാൻ പ്രതിഭാശാലികളും അർപ്പണബോധം ഉള്ളവരും ആയ അതാതു പ്രദേശത്തെ യുവതീയുവാക്കളെ തെരഞ്ഞെടുക്കും. അവരെ പരിശീലിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധവയ്ക്കും. ഈ അദ്ധ്യാപകരിൽ അർഹതയുള്ളവർക്കു സാധാരണ സ്കൂളുകളിൽ ജോലി ലഭിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കും. ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പം ഗുണമേന്മ അനൗപചാരിക വിദ്യാഭ്യാസത്തിനും ഉണ്ടെന്ന് ഉറപ്പു വരുത്തുവാൻ ആവശ്യമായ നടപടികറം എല്ലാം എടുക്കും (5.9).

'അനൗപചാരിക വിദ്യാലയങ്ങളിലെ കരിക്കുലം ദേശീയ–കരിക്കുലത്തിന്റെ സാരാംശവുമായി യോജിച്ചു പോകണം; അതേസമയം ഈ കരിക്കുലം പഠിതാക്കളുടെ പ്രാദേശികാവശ്യങ്ങറംക്കു നിരക്കുന്നതും ആവണം. ഉയർന്ന നിലവാരമുള്ള പഠനസാമഗ്രികറം നിർമിച്ചു പഠിതാക്കറംക്കു സൗജന്യമായി കൊടുക്കും. അനൗപചാരിക വിദ്യാഭ്യാസ പരിപാടികളിൽ പഠിതാക്കറംക്കു ക്രിയാത്മകമായ പങ്കുണ്ടാവണം. സ്പോർട്സ്, സാംസ്കാരിക പരിപാടികറം, വിനോദയാത്രകറം മുതലായവ ഇതിനായി ഏർപ്പെടുത്തണം (5.10).

'അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങറം നടത്തുന്നതിന്റെ

ചുമതല പ്രധാനമായും സ്വയംസേവക സംഘടനകളും പഞ്ചായത്തുകളും ഏറെറടുക്കണം. ഈ സ്ഥാപനങ്ങൾക്ക് ഇതിനാവശ്യമുള്ള പണം സർക്കാർ വേണ്ട അളവിലും വേണ്ട സമയത്തും നൽകും. ഇനിയും പൂർണമായി പ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടില്ലാത്ത ഈ ജീവപ്രധാനമായ മേഖലയുടെ ഉത്തരവാദിത്തം ഗവണ്മെൻറ് ഏറെറടുക്കും.' (5—11)

അനൗപചാരിക വിദ്യാഭ്യാസ പരിപാടിയിൽ തൊഴിൽ പരിശീലനം ഏർപ്പെടുത്തുന്നതിനെപ്പററി ദേശീയ വിദ്യാഭ്യാസ നയരേഖ ഇങ്ങനെ പറയുന്നു:

'നവസാക്ഷരർ, പ്രൈമറിപഠനം പൂർത്തിയാക്കിയ യുവാക്കൾ, സ്കൂളുകളിൽനിന്നു പൊഴിഞ്ഞുപോയവർ, തൊഴിലുകളിലേർപ്പെട്ടവർ, തൊഴിലില്ലാത്തവർ, പര്യാപ്തമായ തൊഴിലില്ലാത്തവർ എന്നിവർക്കായി ആവശ്യാധിഷ്ഠിതവും അയവുള്ളതും അനൗപചാരികവുമായ തൊഴിൽ പരിശീലനം നൽകുന്നതിൽ പ്രത്യേക ശ്രദ്ധചെലുത്തും.' (5—21)

മനുഷ്യവിഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനായി, നിലവിലുള്ള സങ്കേതവിദ്യകളും പുതുതായി രംഗപ്രവേശംചെയ്യുന്ന സങ്കേതവിദ്യകളും പഠിപ്പിക്കുന്ന തുടർവിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിക്കുമെന്നും ദേശീയ വിദ്യാഭ്യാസനയരേഖ പ്രസ്താവിക്കുന്നുണ്ട് (6—4). വിദ്യാഭ്യാസത്തിൽ രാഷ്ട്രത്തിൻെറ സംസ്കാരത്തിനും മൂല്യബോധത്തിനും സമുചിതമായ സ്ഥാനം നൽകുന്നതു സംബന്ധിച്ചും നയരേഖ വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. (8.1 മുതൽ 8 6 കൂടി)

അനൗപചാരിക വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം, ആജീവനാന്ത വിദ്യാഭ്യാസം മുതലായ സങ്കല്പങ്ങളിൽ പുസ്തകങ്ങൾക്കും ഗ്രന്ഥാലയങ്ങൾക്കുമുള്ള സ്ഥാനം ദേശീയ വിദ്യാഭ്യാസനയത്തിൽ സംക്ഷിപ്തമായെങ്കിലും വ്യക്തമായി വിവരിക്കപ്പെട്ടിരിക്കുന്നു. (8.8, 8.9) സ്കൂളുകൾക്ക് അകത്തും പുറത്തും യുവജനങ്ങൾക്കു ദേശീയ—സമൂഹ വികസന പരിപാടികളിൽ പങ്കാളിത്തത്തിനു് അവസരമുണ്ടാക്കണമെന്നും ദേശീയ വിദ്യാഭ്യാസനയം പ്രസ്താവിക്കുന്നുണ്ട് (8.22).

അനൗപചാരിക വിദ്യാഭ്യാസ പരിപാടികൾ നടപ്പിൽ വരുത്തുന്നതിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണമെന്നും, അനൗദ്യോഗിക സ്ഥാപനങ്ങളുടെയും സ്വയംസേവക സംഘടനകളുടെയും പങ്കാളിത്തം പരമാവധി പ്രോത്സാഹിപ്പിക്കപ്പെടണമെന്നും വിദ്യാഭ്യാസനയരേഖ ആവർത്തിച്ചു പറയുന്നു (10.1. സി.).

പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കൽ, നിരക്ഷരത നിർമാർജ്ജനംചെയ്യൽ, രാജ്യത്തു് എല്ലാ വിഭാഗങ്ങൾക്കും തുല്യമായ വിദ്യാഭ്യാസാവസരങ്ങൾ കിട്ടാറാക്കൽ, വിദ്യാഭ്യാസപരിപാടികളുടെ സാമൂഹ്യ പ്രസക്തിയും ഗുണമേന്മയും പ്രവൃത്തിക്ഷമതയും വർദ്ധിപ്പിക്കൽ, സാമ്പത്തിക സ്വയംപര്യാപ്തതയ്ക്കു് അനുപേക്ഷണീയമായ സാങ്കേതിക വൈദഗ്ധ്യം വളർത്തൽ, ദേശീയമായ നിലനില്പിനു് അനുപേക്ഷണീയമായ മൂല്യബോധം ഉളവാക്കൽ എന്നിവപോലെയുള്ള പരിപാടികൾക്ക് ആവശ്യമായ പണം ഗവണ്മെൻറും സമൂഹവും ചേർന്നു് ഉണ്ടാക്കുമെന്നു ദേശീയ വിദ്യാഭ്യാസനയം വാഗ്ദാനംചെയ്യുന്നു (11—2). കഴിയും വേഗത്തിൽ വിദ്യാഭ്യാസച്ചെലവു ദേശീയവരുമാനത്തിൻെറ ആറു ശതമാനമായി ഉയർത്തുമെന്നും നയരേഖ പ്രഖ്യാപിക്കുന്നു.

ഗവണ്മെൻറിതര—സ്വയം സേവക സംഘടനകൾക്കും, സാമൂഹ്യരംഗത്തു ക്രിയാത്മക നേതൃത്വം നൽകുന്ന ഗ്രൂപ്പുകൾക്കും പ്രോത്സാഹനം നല്കുന്നതും, അവയുടെ മാനേജ്മെൻറ് ശരിക്കു നടക്കുന്നതായി കണ്ടാൽ ഇത്തരം പരിപാടികൾ നടപ്പിൽ വരുത്താൻ വേണ്ട ധനസഹായം അവയ്ക്കു

ലഭ്യമാക്കുന്നതുമാണെന്നു ദേശീയവിദ്യാഭ്യാസനയരേഖ പ്രസ്താവിക്കുന്നുണ്ട് (10.9).

ഇത്രയും പറഞ്ഞതിൽനിന്നു വയോജനവിദ്യാഭ്യാസം സംബന്ധിച്ച് അത്യന്തം ക്രിയാത്മകമായ ഒരു പുതിയ വീക്ഷണം ദേശീയ വിദ്യാഭ്യാസ നയരേഖയിൽ പ്രതിഫലിച്ചിട്ടുണ്ടെന്നു വ്യക്തമായിരിക്കും. വയോജനവിദ്യാഭ്യാസപരിപാടിക്ക് ആവശ്യമായ പണം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആ പണം ഉപയോഗപ്പെടുത്തി, ചെറിയ ഒരു കാലയളവിനുള്ളിൽ കാര്യക്ഷമങ്ങളായ പരിപാടികളിലൂടെ നൂറുശതമാനം ജനങ്ങളെ സാക്ഷരരും പ്രബുദ്ധരും സാങ്കേതികമായി സുശിക്ഷിതരും ആക്കേണ്ടതിന്റെ ഉത്തരവാദിത്തം ഈ രംഗത്തു പ്രവർത്തിക്കുന്ന കാൻഫെഡ്പോലെയുള്ള സ്വയംസേവക സംഘടനകൾക്കുണ്ട്.

വയോജനവിദ്യാഭ്യാസരംഗത്ത് കാൻഫെഡ് ഇന്നോളം നടത്തിയ പ്രവർത്തനങ്ങളുടെ സാധുതയും പ്രസക്തിയും ദേശീയ വിദ്യാഭ്യാസനയം അടിവരയിട്ട് ഉറപ്പിച്ചിരിക്കുന്നു. ശരിയായ വഴിയിലൂടെയാണു നാം മുന്നേറിയിരുന്നത്. ഇതേ മാർഗത്തിൽ കൂടുതൽ ഊർജസ്വലമായും കൂടുതൽ വ്യാപകമായും കൂടുതൽ അനുസ്യൂതമായും ഇനിയങ്ങോട്ടു പ്രവർത്തിക്കുകയാണു നമ്മുടെ കടമ.

ദേശീയവിദ്യാഭ്യാസനയത്തിലെ ഈ പുരോഗമനപരമായ ഉള്ളടക്കത്തെപ്പററി നാം പൊതുജനങ്ങളെ പറഞ്ഞു മനസ്സിലാക്കണം. ഈ കാര്യങ്ങളെല്ലാം സൗകര്യപൂർവം മറന്ന് ഔപചാരികമായ സ്കൂൾ–കോളേജ്‌വിദ്യാഭ്യാസത്തിൽ മാത്രം ഒതുങ്ങിക്കൂടുവാനുള്ള പ്രവണത കേന്ദ്ര സംസ്ഥാന ഗവണ്മെൻറുകളിലെ വിദ്യാഭ്യാസ–ഉദ്യോഗസ്ഥ മേധാവികൾ കാണിക്കുമെന്നതിനു യാതൊരു സംശയവുമില്ല. നിർഭാഗ്യവശാൽ, സംഘടിതമായ അദ്ധ്യാപകവർഗത്തിന്റെ നിലപാടും അത്തരത്തിലാണ്. അവരുടെ കർത്തവ്യലോപത്തെ അതാതവസരത്തിൽ തുറന്നുകാട്ടേണ്ടതു വയോജന–അനൗപചാരികവിദ്യാഭ്യാസ പരിപാടികളുടെ വിജയത്തിനു് അനുപേക്ഷണീയമാകുന്നു.

'ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യവരാൻ നിബോധത' (എഴുന്നേല്ക്കുക! ഉണരുക! ഉത്തമന്മാരെ ചെന്നു കണ്ടു് അറിവു നേടുക!) എന്ന ഉപനിഷത്തിലെ ഉദ്ബോധനം, നൂററാണ്ടുകളായി അടിച്ചമർത്തപ്പെട്ട നമ്മുടെ നാട്ടിലെ പട്ടിണിപ്പാവങ്ങളുടെ ചെവികളിൽ എത്തിക്കാൻ ഇനി ഒട്ടും അമാന്തിച്ചുകൂടാ.

# 69. വടക്കേ ഇന്ത്യയിലെ സ്കൂളുകളിൽ മലയാള ഭാഷാപഠനം

വിദ്യാഭ്യാസത്തിൽ ത്രിഭാഷാപദ്ധതി സത്യസന്ധതയോടെ നടപ്പിൽ വരുത്താൻ കേന്ദ്രഗവണ്മെൻറ് ഉറച്ചിരിക്കുകയാണ്. മൈസൂറിലുള്ള കേന്ദ്ര ഭാരതീയ ഭാഷാസ്ഥാപനത്തിന്റെ ഉപദേശകസമിതിയുടെ ഒരു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട്, കേന്ദ്രത്തിൽ വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന സ്റ്റേററ് മന്ത്രി ശ്രീമതി കൃഷ്ണാസാഹി 1987 ഫെബ്രുവരി 19–ാം തീയതി ഈ വസ്തുത ഊന്നിപ്പറയുകയുണ്ടായി.